# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2918.

13-03-2018 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിൽ നെൽകൃഷി മേഖലയിൽ തരിശ് രഹിത കേരളം പദ്ധതി

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തരിശ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നെൽകൃഷി മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 20275 ഹെക്ടർ സ്ഥലത്ത് സുസ്ഥിരനെൽ കൃഷി വികസനം, 49.85 ഹെക്ടറിൽ പൊക്കാളി, ഞവര, രക്തശാലി എന്നീ ഇനം നെല്ലിന്റെ കൃഷി, 602 ഹെക്ടറിൽ ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ ആക്കുന്ന പദ്ധതി , 461 ഹെക്ടറിൽ കരനെല്ല്, 867 ഹെക്ടറിൽ തരിശു നില കൃഷി എന്നിവയും പദ്ധതിയധിഷ്ഠിത കൃഷിയുമായി 865 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് തൃശ്ശൂർ ജില്ലയിൽ നെൽ കൃഷി മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.<br>ആകെ കൃഷിയോഗ്യമായ 5597 ഹെക്ടർ തരിശുഭൂമിയാണ് തൃശ്ശൂർ ജില്ലയിൽ നിലവിലുള്ളത്. ആയതിൽ, 2017-18 സാമ്പത്തിക വർഷത്തിൽ 600 ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുവാൻ ലക്ഷ്യമിട്ടിരുന്നു. വിരിപ്പ് കൃഷിയിൽ 70 ഹെക്ടർ നെല്ലും 20 ഹെക്ടർ പച്ചക്കറിയും ചെയ്തുകഴിഞ്ഞു. മുണ്ടകൻ കൃഷിയിൽ 589 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു.<br>തരിശുരഹിത തൃശ്ശൂർ പദ്ധതിയുടെ ഭാഗമായി ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ ആക്കുക എന്നത് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി പയർ, ഉഴുന്ന്, എള്ള്, പച്ചക്കറി എന്നിവയും രണ്ടാം വിളയായി കൃഷിയിറക്കാൻ സാധിച്ചു. തരിശുനില കൃഷി ചെയ്യുന്ന കർഷകർക്കായി തരിശുനില കൃഷിക്കുള്ള ധനസഹായം, |

| | | | |
|---|---|---|---|
| | | | നെൽ കൃഷിക്കുള്ള കൂലിച്ചിലവ്, നെൽ വിത്തിനുള്ള ധനസഹായം, കുമ്മായ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കി. |
| (ബി) | ഇതിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ ഭൂമിയിൽ നെൽകൃഷി ഇറക്കുകയുണ്ടായെന്നറിയിക്കുമോ; | (ബി) | മണലൂർ മണ്ഡലത്തിൽ 120 ഹെക്ടർ നെൽകൃഷി ചെയ്തു. |
| (സി) | ഈ ഭൂമിയിൽ തുടർന്നും കൃഷി ഇറക്കുന്നതിനും പശ്ചാത്തല സൗകര്യം ഒരുക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ? | (സി) | അടിസ്ഥാനസൗകര്യ വികസനത്തിന്റെ അപര്യാപ്തത മൂലം കൃഷിയിറക്കാൻ പറ്റാത്ത സ്ഥലങ്ങൾ വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി ജലസേചനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ